**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6229</u> — <u>02.04.2018 -ൽ മറുപടിക്ക്</u>

**<u>ഉത്തരവാദിത്ത ടൂറിസം മിഷൻ</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. സി. ദിവാകരൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ഉത്തര വാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | എ) സംസ്ഥാനത്തെ ടൂറിസം വികസനത്തിന് ഗ്രാമീണ മേഖലയിലടക്കമുള്ള തദ്ദേശീയ ജനതയുടെ പങ്കാളിത്തം ഉറപ്പ് വരുത്തുക എന്ന ലക്ഷ്യത്തോടെ യാണ് ടൂറിസം വകുപ്പിന്റെ ചുമതലയിൽ ഉത്തര വാദിത്ത ടൂറിസം മിഷൻ പ്രവർത്തിക്കുന്നത്. ഭിന്നശേഷി സൗഹൃദ ടൂറിസം കേന്ദ്രമായി മാറ്റുക, ഹോംസ്റ്റേ, ഫാംസ്റ്റേ എന്നിവ പ്രോൽസാഹിപ്പിക്കുക, പ്രാദേശിക ഉൽപ്പന്നങ്ങൾ ടൂറിസം മേഖലയിൽ വിപണനം ചെയ്യാൻ സൗകര്യം ഒരുക്കുക, ടൂറിസ്റ്റുകൾക്ക് മെച്ചപ്പെട്ട യാത്രാനുഭവങ്ങൾ സമ്മാനിക്കാൻ കഴിയുംവിധം നൂതനമായ ടൂർ പാക്കേജുകൾ തയ്യാറാക്കി വിപണനം നടത്തുക, ഗ്രാമീണ ടൂറിസം പ്രോൽസാഹിപ്പിക്കുക, കല, സംസ്കാരം, പൈതൃകം, നാടൻ കളികൾ എന്നിവയെ ടൂറിസത്തിലൂടെ പ്രചരിപ്പിച്ച് സംരക്ഷിക്കുക, പാർശ്വ വൽകൃത ജനവിഭാഗങ്ങൾ, ഭിന്നശേഷിക്കാർ, വനിതകൾ, ഭിന്നലിംഗക്കാർ എന്നിവർക്ക് ടൂറിസം മേഖലയിൽ അവസരം ഉറപ്പാക്കുക, പരിസ്ഥിതി സൗഹൃദ ടൂറിസം പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുക എന്നിവ ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന നടപ്പിലാക്കുന്ന പ്രവർത്തനങ്ങളാണ്. |
| ബി) ഈ സർക്കാർ അധികാര ത്തിൽ വന്നശേഷം പ്രസ്തുത മിഷന്റെ പ്രവർത്തനങ്ങൾ ക്കായി എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ? | ബി) 2017 ആഗസ്റ്റ് മാസത്തിലാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ നിലവിൽ വന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങൾക്കായി 4.45 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ